ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ വേണ്ടി ഏല്പിച്ചിരിക്കുന്നു.

(സി) എൻ. എച്ച്.-17, എൻ. എച്ച്-47 എന്നിവ നാലുവരിയാക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

നാഷണൽ ഹൈവേയുടെ ദൈർഘ്യം

43 [640] പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. കെ. ബാബു :

,, പി. ശങ്കരൻ :

,, വി. ജെ. പൗലോസ് :

,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുകൂടി കടന്നു പോകുന്ന നാഷണൽ ഹൈവേയുടെ മൊത്തം ദൈർഘ്യമെത്ര എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽകൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയുടെ ദൈർഘ്യം താരതമ്യേന കുറവാണോ;

(സി) സംസ്ഥാനത്ത് പുതുതായി രൂപംകൊള്ളുന്ന ഹിൽ ഹൈവേയെ നാഷണൽ ഹൈവേയായി അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1547 കി. മീ.

(ബി) ചതുരശ്രകിലോമീറ്റർ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശീയപാതകളുടെ നീളം ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്.

(സി) ഹിൽ ഹൈവേയെ നാഷണൽ ഹൈവേയായി അംഗീകരിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി

44 [641] ഡോ. തോമസ് ഐസക് :

ശ്രീ. വി. കെ. സി. മമ്മത്കോയ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരുകിലോമീറ്റർ റോഡിന് ഈ പദ്ധതിയിൻകീഴിൽ കണക്കാക്കിയിട്ടുള്ള ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു കിലോമീറ്റർ ദേശീയപാത നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് നിലവിൽ ചെലവാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്ത റോഡുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതിനകം എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയനുസരിച്ച് പൂർത്തിയാക്കിയിട്ടുള്ളതെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ റോഡ് വികസനത്തിൽ 36 ഹെവി മെയിന്റനൻസ് പദ്ധതികളും (ഏകദേശം 981 കി. മീ.) 6 അപ്ഗ്രഡേഷൻ പദ്ധതികളും (ഏകദേശം 578 കി. മീ.) ഒരു ഐ. ഡബ്ല്യൂ. റ്റി. പദ്ധതിയും (ഏകദേശം 93 കി. മീ.) ഉൾപ്പെടെ 43 പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒന്നാം വർഷ ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തിയ 13 റോഡുകളുടെ (339.1 കി. മീ.) അറ്റകുറ്റപ്പണികൾ പൂർത്തിയായി. രണ്ടാം വർഷ ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തിയ 13 റോഡുകളുടെ (335.5 കി.മീ.) അറ്റകുറ്റപ്പണികൾ അന്തിമ ഘട്ടത്തിലാണ്. മൂന്നാം വർഷ ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾക്ക് (306.9 കി. മീ.) എഗ്രിമെന്റ് വയ്ക്കുകയും പ്രാരംഭപണികൾ ആരംഭിക്കുകയും ചെയ്തു.

ഒന്നാംഘട്ട അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ 254.7 കി. മീ. റോഡുകളുടെ പണി പുരോഗതിയിലാണ്. രണ്ടാം ഘട്ട അപ്ഗ്രഡേഷൻ പണികളുടെ (324 കി. മീ.) ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞു.

(ബി) മെയിന്റനൻസ് - ഏകദേശം 30 - 35 ലക്ഷം രൂപ (ശരാശരി) അപ്ഗ്രഡേഷൻ ഏകദേശം 1.75 കോടി രൂപ.

(സി) രണ്ടര കോടി രൂപ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഹെവിമെയിന്റനൻസ് 339.1 കി. മീ. (പൂർത്തിയായി) മെയിന്റനൻസിന് ആകെ 139 കോടി രൂപ (ഡിസംബർ 2004 വരെ) ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly